# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 148 — 22.03.2013 ലെ മറുപടിക്ക്

### പ്രവാസി മലയാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. സി. എഫ്. തോമസ്:<br>ശ്രീ. റ്റി. യു. കുരുവിള: | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പ്രവാസി മലയാളികൾ വിദേശത്ത് നേരിടുന്ന പ്രശ്നങ്ങളിൽ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളും നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് യഥാസമയം പ്രശ്നപരിഹാരത്തിനായി ഇടപെടുന്നുണ്ട്. കൂടാതെ പ്രവാസി മലയാളികൾക്കോ, അവരുടെ ബന്ധുക്കൾക്കോ നാട്ടിൽ നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ഇടപെട്ട് നോർക്ക വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>പ്രവാസി മലയാളികളുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിലേയ്ക്കായി നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള പ്രാദേശിക കേന്ദ്രങ്ങൾക്കു പുറമേ പ്രവാസികൾ കൂടുതലുള്ള ജില്ലകളിലും നോർക്ക സെല്ലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ, കോട്ടയം, തൃശൂർ ജില്ലകളിൽ നോർക്ക-റൂട്ട്സ് സെൽ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | മറ്റ് ജില്ലകളിൽ സമയബന്ധിതമായി പ്രസ്തുത സെല്ലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡൽഹിയിലും, മുംബൈയിലുമുള്ള എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസുകൾക്കു പുറമേ നോർക്കയുടെ സേവനങ്ങൾ അന്യ സംസ്ഥാനങ്ങളിലെ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ ബറോഡ, ചെന്നൈ, ബെംഗളൂർ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) തൊഴിൽ സംബന്ധമായി വിദേശത്ത് പോകുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ ഉണ്ടാകുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | തൊഴിൽ സംബന്ധമായി വിദേശത്ത് പോകുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. പ്രസ്തുത ശിൽപശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടത്തി വരുന്നു.<br>വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും നൽകി വരുന്നുണ്ട്.<br>കൂടാതെ വിസാ തട്ടിപ്പ്, വ്യാജ റിക്രൂട്ട്മെന്റ്, സ്ത്രീകളെ അനധികൃതമായി വിദേശത്ത് കടത്തൽ എന്നിവയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ